ശ്രീ. പി. നാണു: ഫെഡറൽ ആഫീസ്സുകൾക്കല്ലാതെ കെട്ടിടങ്ങളും ഉപയോഗിക്കുന്നുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: ആർമി ആഫീസ്സുകൾക്കായി വാടകയ്ക്കു കൊടുത്തിട്ടുണ്ട്.

ശ്രീ. പി. നാണു: ഇൻഡ്യാ ഗവൺമെണ്ടിൽനിന്നും ആണോ ആ കെട്ടിടങ്ങൾ വാടകയ്ക്കു് എടുത്തിട്ടുള്ളതു്?

ശ്രീ. ടി. കെ. നാരായണപിള്ള: ഇൻഡ്യാ ഗവൺമെണ്ടിൽനിന്നുമല്ല. ആ ഡിപ്പാർട്ടുമെണ്ടു മേധാവികളും തന്നെയുണ്ടു കെട്ടിടങ്ങൾ വാടകയ്ക്കു് എടുത്തിട്ടുണ്ടു്.

ശ്രീ. പി. നാണു: ഈ ഗവൺമെണ്ടിന്റെ ആവശ്യത്തിലേയ്ക്കു കെട്ടിടങ്ങൾ തികഞ്ഞിട്ടില്ലെന്നുള്ള വിവരം ഇൻഡ്യാ ഗവൺമെണ്ടിന്റെ ദൃഷ്ടിയിൽ കൊണ്ടുവന്നിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: അങ്ങനെയുള്ള കെട്ടിടങ്ങൾ അല്ല, ഫെഡറൽ ആവശ്യത്തിനായി നടത്തുന്ന ആഫീസ്സുകളാണു്.

ശ്രീ. പി. നാണു: ഇൻഡ്യാ ഗവൺമെണ്ടിൽനിന്നും എത്ര രൂപാ വാടകയായി നമുക്കു കിട്ടുന്നുണ്ടു്?

ശ്രീ. ടി. കെ. നാരായണപിള്ള: അതു് ഇപ്പോൾ പറയാൻ നിവൃത്തിയില്ല.

ശ്രീ. പി. നാണു: എതെല്ലാം കെട്ടിടങ്ങൾക്കാണു് വാടക കിട്ടുന്നതെന്നു പറയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: അതും ഇപ്പോൾ പറയാൻ നിവൃത്തിയില്ല.

## ബോപാൽ കടപ്പത്രങ്ങൾ

*൯൫൪. (൯) ശ്രീ. കണ്ണാ ഗോപാലപണിക്കർ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഫൈനാൻസു മന്ത്രി സദയം മറുപടി നല്കുമോ.—

(എ) ബോപാൽ ഇൻഡ്യൻ യൂണിയനിൽ ചേരുന്നതിനു മുമ്പേ ബോപാൽ നവാബു പുറപ്പെടുവിച്ചിരുന്ന കടപ്പത്രങ്ങളുടെ ഉത്തരവാദിത്വം ഇൻഡ്യാ ഗവൺമെണ്ടു് ഏറ്റെടുത്തിരിക്കുന്നതായി വല്ല അറിയിപ്പും തിരുവിതാംകൂർ–കൊച്ചി ഗവൺമെണ്ടിനു കിട്ടിയിട്ടുണ്ടോ;

(ബി) സർ സി. പി. രാമസ്വാമി, ബോപാൽ നവാബു പുറപ്പെടുവിച്ച ലോണിൽ ൨൫ ലക്ഷം രൂപാ നിക്ഷേപിച്ചിരുന്നതു് ഇപ്പോൾ തിരിച്ചു കിട്ടുവാൻ മാർഗ്ഗമുണ്ടെന്നു ഗവൺമെണ്ടിന്റെ ദൃഷ്ടിയിൽ പെട്ടിട്ടുണ്ടോ;

(സി) ആ സംഖ്യ തിരിച്ചു കിട്ടുന്നതു സംബന്ധിച്ചു് എന്തെങ്കിലും നടപടി നടത്തിയിട്ടുണ്ടോ; എന്തെല്ലാം?

ധനകാര്യവും റെവന്യൂവും വകുപ്പു മന്ത്രി (ശ്രീ. എ. ജെ. ജോൺ:)

(എ) ഇൻഡ്യൻ ഭരണഘടനയിൽ ബോപാൽ സംസ്ഥാനത്തെ പാർട്ടു് "സി" സംസ്ഥാനങ്ങളുടെ കൂട്ടത്തിലാണു് ഉൾപ്പെടുത്തിയിരിക്കുന്നതു്. പ്രസ്തുത സംസ്ഥാനത്തിന്റെ ഭൂണബാധ്യത കേന്ദ്രഗവൺമെണ്ടിന്റെ ചുമതലയാണു്.

(ബി) ൨൫ ലക്ഷം രൂപയുടെ മുഖവിലയുള്ള ബാണ്ടുകൾ ഗവൺമെണ്ടിനെ കൈവശം ഉണ്ടു്. ബാണ്ടിന്റെ കാലാവധി ൧൯൫൨–ൽ അവസാനിക്കുമ്പോൾ മുടക്കിയ തുക തിരിച്ചു കിട്ടുന്നതാണു്.

LIBRARY ARCHIVES Kerala Legislative Assembly

(സി) മേല്പറഞ്ഞ ഉത്തരത്തിൽനിന്നും ഈ ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. കണ്ണാറ ഗോപാലപണിക്കർ: ബാങ്കുകാരും തവണക്കണ്ടിന്റെ കൈവശമാണോ ഉള്ളത്?

ശ്രീ. എ. ജെ. ജാൺ: ഒരു ലക്ഷം രൂപയുടെ ബാങ്കുകാരും തിരുവിതാംകൂർ–കൊച്ചി ഗവണ്മെന്റിന്റെ കൈവശമുണ്ട്.

## ആശുപത്രി

*൯൧൪. (൪) ശ്രീ. കണ്ണാറ ഗോപാലപണിക്കർ: താഴെ പറയുന്ന ചോദ്യത്തിന് ബഹുമാനപ്പെട്ട മെഡിക്കൽ വകുപ്പ് മന്ത്രി സദയം മറുപടി നല്കുമോ.—

പന്തളത്ത് ഒരാശുപത്രി പണിയുന്നതിനു ഗവണ്മെന്റിൽനിന്നു സഹായം വാഗ്ദാനം ചെയ്തിട്ടുണ്ടോ?

ധനകാര്യവും റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എ. ജെ. ജാൺ) ഇല്ല.

ശ്രീ. കണ്ണാറ ഗോപാലപണിക്കർ: അവിടെ പണ്ടായി ഒരു ആശുപത്രി പണിയാൻ പോകുന്നതായി തവണക്കണ്ടിനു അറിയാമോ?

ശ്രീ. എ. ജെ. ജാൺ: അറിയാം.

ശ്രീ. കണ്ണാറ ഗോപാലപണിക്കർ: സ്ഥലവാസികളും അതിലേയ്ക്ക് എന്തെങ്കിലും സഹായം ആവശ്യപ്പെട്ടിട്ടുണ്ടോ?

ശ്രീ. എ ജെ. ജാൺ: ഉണ്ട്. സഹായം നല്കാൻ നിവൃത്തിയില്ല.

## മാവേലിക്കര ജില്ലാക്കോടതിയിലിരിക്കുന്ന കെട്ടിടം

*൯൧൫. (൫) ശ്രീ. കണ്ണാറ ഗോപാലപണിക്കർ: താഴെ പറയുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി നല്കുമോ.—

(എ) മാവേലിക്കര ജില്ലാക്കോടതിയിലിരിക്കുന്ന കെട്ടിടത്തിനു എത്ര രൂപ വാടകയായിരുന്നു എന്നും ഇപ്പോൾ എത്ര രൂപയാണെന്നും പറയുവാൻ മയവുണ്ടാകുമോ;

(ബി) മാവേലിക്കര ജില്ലാക്കോടതി ഇപ്പോൾ ഇരിക്കുന്ന സ്ഥലത്തുനിന്നും അതിന്റെ അധികാരാതിർത്തിക്കുള്ളിലുള്ള ഏതു ദൂരംവരെയുണ്ടെന്നു ഗവണ്മെന്റിനറിയാമോ?

ചീഫ് മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) ൧൯൪൪–മാണ്ട് അവസാനംവരെ ൬൦ രൂപാ വാടകമാസം കൊടുത്തിരുന്നു. ഇപ്പോൾ ൧൫൦ രൂപാ മാസം കൊടുക്കുന്നുണ്ട്.

(ബി) എതാണ്ട് ൩൫ നാഴികവരെ.

ശ്രീ. കണ്ണാറ ഗോപാലപണിക്കർ: ആ വാടക പെട്ടെന്ന് കൂട്ടുവാനുണ്ടായ കാരണമെന്താണ്?

ശ്രീ. ടി. കെ. നാരായണപിള്ള: വാടക കൂടുതൽ വേണമെന്ന് ആവശ്യപ്പെട്ടു. സൗകര്യത്തിനു വേറെ കെട്ടിടം കിട്ടാത്തതുകൊണ്ടു കൂടുതൽ വാടക കൊടുക്കുകയാണുണ്ടായത്.

ശ്രീ. കണ്ണാറ ഗോപാലപണിക്കർ: ഈ ജില്ലാക്കോടതിയുടെ അധികാരാതിർത്തി പടിഞ്ഞാറ് എത്രദൂരം ഉണ്ടെന്ന് അറിയാമോ?



LIBRARY ARCHIVES Kerala Legislative Assembly